"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് - കെട്ടിടം ഇല്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് കോട്ടായി ഗ്രാമപഞ്ചായത്തിലെ ഐ.പി.പി. സബ്സെന്റർ പുളിനെല്ലി, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ മുല്ലശ്ശേരി സബ്സെന്റർ എന്നിവയ്ക്ക് അനുവദിച്ച ഫണ്ട്, യഥാക്രമം കരിയംകോട് സബ്സെന്റർ, പെരുവല്ലൂർ ഫാമിലി വെൽനസ് സെന്റർ എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1435/2025/LSGD തീയതി,തിരുവനന്തപുരം, 10-06-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1625/2023/LSGD; തീയതി 09.08.2023
2. സ.ഉ.(സാധാ) നം.295/2025/LSGD; തീയതി 31.01.2025
3. മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.01.2025ലെ എസ്.സി.1-224/24 നമ്പർ കത്ത്
4. കോട്ടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.02.2025ലെ എ2-3608/2023 (3) നമ്പർ കത്ത്
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.03.2025ലെ LSGD/PD/1958/2025-DPLA1 നമ്പർ കത്ത്

**ഉത്തരവ്**

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 2022-23 ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(സാധാ) നം.1625/2023/LSGD; തീയതി 09.08.2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം നൽകുന്ന സ്കീം 1 പ്രകാരം, വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് ഉപകേന്ദ്രങ്ങളുടെ കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിച്ച് നൽകി, അനക്സർ 1 പ്രകാരം പട്ടികപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം, പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിലെ ഐ.പി.പി. സബ്സെന്റർ പുളിനെല്ലിക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ മുല്ലശ്ശേരി സബ്സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിനും ഗഡു അനുവദിച്ചിട്ടുള്ളതാണ്.

2. കോട്ടായി ഗ്രാമപഞ്ചായത്തിൽ തുക അനുവദിച്ച ഐ.പി.പി. സബ്സെന്റർ പുളിനെല്ലി എന്ന സബ്സെന്ററിന് നിലവിൽ സ്വന്തമായി കെട്ടിടം ഉള്ളതിനാൽ, ടി തുക കോട്ടായി

ഗ്രാമപഞ്ചായത്ത് വാർഡ് 5 ൽ സൗജന്യമായി ലഭ്യമായ സ്ഥലത്ത് പുതിയതായി നിർമ്മിക്കുവാൻ പോകുന്ന കരിയംകോട് സബ്സെന്റർ നിർമ്മാണത്തിന് വകയിരുത്തുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് കോട്ടായി ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശം 4 പ്രകാരം ആവശ്യപെട്ടിട്ടുണ്ട്.

3. മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിലെ പരാമർശം 1 ഉത്തരവിന്റെ അനക്സർ 1 പ്രകാരം തുക അനുവദിച്ച, മുല്ലശ്ശേരി സി.എച്ച്.സി സ്ഥിതി ചെയ്യുന്ന മുല്ലശ്ശേരി സബ്സെന്റർ സോണിലെ നിർമ്മാണത്തിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ, വാർഡ് 4 ൽ ഹോമിയോ ഡിസ്പൻസറി സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ, കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ പെരുവല്ലൂർ ഫാമിലി വെൽനസ് സെന്റർ നിർമ്മാണം ഗ്രാമ പഞ്ചായത്ത് ആരംഭിച്ചിട്ടുള്ളതിന് സാധൂകരണം നൽകണമെന്ന് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 3 പ്രകാരവും അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതേ തദ്ദേശ സ്ഥാപനത്തിലെ തന്നെ മറ്റൊരു വാർഡിൽ സബ്സെന്റർ നിർമാണത്തിന് തുക വിനിയോഗിക്കുന്നതിനാൽ പി.എഫ്.എം.എസ് ൽ മറ്റ് ക്രമീകരണങ്ങൾ ആവശ്യമില്ലാത്തതാണ്. കെട്ടിട നിർമ്മാണത്തിന് അനുവദിച്ച സ്ഥലത്ത് കെട്ടിട നിർമ്മാണം ആവശ്യമില്ലാത്തതുകൊണ്ട് തികച്ചും ആവശ്യമായ മറ്റൊരു സ്ഥലത്ത് നിർമ്മാണം നടത്തുന്നത് ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗമാനദണ്ഡങ്ങൾ ലംഘിക്കുന്നുമില്ല. ഹെൽത്ത് ഗ്രാന്റ് സ്കീം 1 ൽ അനുവദിച്ച തുകയുടെ 50% എങ്കിലും ചെലവഴിക്കാതെ അടുത്ത ഗഡു ലഭിക്കുന്നതിന് സാധ്യതയില്ലാത്തതുമാണ്. മേൽ സാഹചര്യങ്ങൾ പരിഗണിച്ച്, കോട്ടായി ഗ്രാമപഞ്ചായത്തിലെ ഐ.പി.പി. സബ്സെന്റർ പുളിനെല്ലിക്ക് കെട്ടിടം നിർമ്മിക്കുന്നതിനു പരാമർശം 1 ഉത്തരവിന്റെ അനക്സർ 1 പ്രകാരം അനുവദിച്ച തുക, കോട്ടായി ഗ്രാമപഞ്ചായത്ത് വാർഡ് 5 ലെ കരിയംകോട് സബ്സെന്റർ നിർമ്മാണത്തിന് വകയിരുത്തുന്നതിന് കോട്ടായി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ മുല്ലശ്ശേരി സബ്സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിനു പരാമർശം 1 ഉത്തരവിന്റെ അനക്സർ 1 പ്രകാരം അനുവദിച്ച തുക, വാർഡ് 4 ലെ പെരുവല്ലൂർ ഫാമിലി വെൽനസ് സെന്റർ നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയും ഉത്തരവാകുന്നു.

5. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുള്ള സബ്സെന്റർ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് പരാമർശം 2 ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, കോട്ടായി ഗ്രാമപഞ്ചായത്ത്, പാലക്കാട് - 678572
2. പ്രസിഡന്റ്/സെക്രട്ടറി, മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ - 680509
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ, ആരോഗ്യ വകുപ്പ്
6. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
7. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, പാലക്കാട്

9. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, തൃശ്ശൂർ
10. ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്
11. ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ
12. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), തൃശ്ശൂർ/പാലക്കാട്
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
20. തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 10-06-2025 16:16:54

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്